2025 SEPTEMBER
25
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഗൗതം അദാനിയുടെ ആസ്തിയിൽ 2 ദിവസത്തിനിടെ വൻ വളർച്ച

**മുംബൈ:** അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ ആസ്തിയിൽ കഴിഞ്ഞ രണ്ടുദിവസത്തിനിടെ 13 ബില്യൻ ഡോളറിന്റെ വളർച്ച (ഏകദേശം 1.15 ലക്ഷം കോടി രൂപ). ഇതോടെ, റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയുമായി ഏഷ്യയിലെ ഏറ്റവും സമ്പന്ന പട്ടത്തിനുള്ള അദാനിയുടെ മത്സരം വാശിയേറിയതുമായി. നിലവിൽ ബ്ലൂംബെർഗിന്റെ റിയൽടൈം ശതകോടീശ്വര പട്ടികപ്രകാരം 98.6 ബില്യൻ ഡോളറാണ് മുകേഷ് അംബാനിയുടെ ആസ്തി (8.73 ലക്ഷം കോടി രൂപ). ഗൗതം അദാനിയുടേത് 95.7 ബില്യൻ ഡോളർ (8.47 ലക്ഷം കോടി രൂപ). ലോക സമ്പന്ന പട്ടികയിൽ 18ാമതാണ് മുകേഷ് അംബാനി; 19-ാം സ്ഥാനത്ത് ഗൗതം അദാനിയും. ഏഷ്യയിലെ ഏറ്റവും സമ്പന്നനും മുകേഷ് അംബാനിയാണ്.

ഗൗതം അദാനിക്കും അദാനി ഗ്രൂപ്പ് കമ്പനികൾക്കുമെതിരെ അമേരിക്കൻ ഷോർട്ട്സെല്ലർമാരായ ഹിൻഡൻബർഗ് തൊടുത്തുവിട്ട വ്യാജ ആരോപണങ്ങൾ തെളിവുകളില്ലെന്ന് ചൂണ്ടിക്കാട്ടി സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) തള്ളിയിരുന്നു. പിന്നാലെ, അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരികളിൽ നിക്ഷേപകരുടെ വാങ്ങൽ താൽപര്യം കൂടിയത് ഓഹരിവിലയിൽ കുതിപ്പുണ്ടാക്കി. ഇതാണ്, ഗൗതം അദാനിയുടെ ആസ്തിയിലെ വമ്പൻ വളർച്ചയ്ക്കും വഴിവച്ചത്. അദാനിയുടെ ആസ്തിയിൽ 8.3 ബില്യൻ ഡോളർ വർധിച്ചു. ഓഹരികളുടെ മുന്നേറ്റത്തെ തുടർന്ന്, ലാഭമെടുപ്പ് തകൃതിയായത് ഇന്നു തിരിച്ചടിയായിട്ടുണ്ട്. ഇന്നലെ മികച്ച നേട്ടം കൊയ്ത അദാനി ഗ്രൂപ്പ് ഓഹരികൾ ഇന്ന് ലാഭമെടുപ്പിനെ തുടർന്ന് ചുവന്നു.

ഓഹരി വിപണിയുടെ നിയന്ത്രണ ഏജൻസിയായ സെബിയിൽ നിന്നുള്ള ക്ലീൻചിറ്റിന് പുറമേ, ഓഹരി വിഭജനത്തിന്റെ കൂടി പശ്ചാത്തലത്തിൽ 20% മുന്നേറിയാണ് അദാനി പവർ ഓഹരികൾ ഇന്നുള്ളത്.പ്രമുഖ രാജ്യാന്തര നിക്ഷേപക സ്ഥാപനമായ ജെഫറീസ് അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരികൾക്ക് മികച്ച വളർച്ചാ സാധ്യത പ്രവചിച്ചതും ഓഹരികളിൽ വരും ദിവസങ്ങളിലും ചലനം സൃഷ്ടിച്ചേക്കാം. അദാനി എന്റർപ്രൈസസ്, അദാനി ഗ്രീൻ എനർജി, അംബുജ സിമന്റ്സ്, അദാനി പോർട്സ്, അദാനി എനർജി സൊല്യൂഷൻസ് എന്നിവയ്ക്ക് 13 മുതൽ 22% വരെ വളർച്ചയാണ് ജെഫറീസ് പ്രവചിക്കുന്നത്.

# കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി

## പദ്ധതി എച്ച്.എം.ടിയിൽ നിന്ന് ഏറ്റെടുക്കുന്ന 27 ഏക്കർ ഭൂമിയിൽ

**തിരുവനന്തപുരം:** ജുഡീഷ്യൽ സിറ്റി കളമശ്ശേരിയിൽ സ്ഥാപിക്കുന്നതിന് മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകാരം നൽകി. എച്ച്.എം.ടിയുടെ കൈവശമുള്ള 27 ഏക്കർ ഭൂമി ഏറ്റെടുത്ത് ജുഡീഷ്യൽ സിറ്റി സ്ഥാപിക്കാനാണ് തീരുമാനം. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി.

2023 ലെ മുഖ്യമന്ത്രി- ചീഫ് ജസ്റ്റിസ് യോഗത്തിന്റെ തീരുമാനപ്രകാരമുള്ള നടപടികളുടെ തുടർച്ചയായാണ് മന്ത്രിസഭാ തീരുമാനം. ഇതിന്റെ ഭാഗമായി നിയമവകുപ്പ് മന്ത്രി പി. രാജീവിന്റെയും ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്, ജസ്റ്റിസ് രാജ വിജയരാഘവൻ, ജസ്റ്റിസ് സതീഷ് നൈനാൻ എന്നിവരുടേയും നേതൃത്വത്തിൽ കളമശ്ശേരിയിലെ സ്ഥലം സന്ദർശിച്ച ശേഷമാണ് പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയത്.

കേരള ഹൈക്കോടതി ഉൾപ്പെടുന്ന ജുഡീഷ്യൽ സിറ്റിയുടെ പ്രാഥമിക രൂപരേഖ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 27 ഏക്കർ ഭൂമിയിലായി 12 ലക്ഷത്തിലധികം ചതുരശ്ര അടി കെട്ടിട സൗകര്യമുൾപ്പെടെ രാജ്യാന്തര തലത്തിലുള്ള ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളും ഉള്ള ജുഡീഷ്യൽ സിറ്റിയാണ് വിഭാവനം ചെയ്യുന്നത്.

ഭരണഘടനയിലെ പ്രധാന തത്വങ്ങളായ 14, 19, 21 ആർട്ടിക്കിളുകളെ സങ്കൽപ്പിച്ച് മൂന്ന് ടവറുകളിലായിട്ടാണ് ജൂഡീഷ്യൽ സിറ്റി രൂപകൽപന ചെയ്തിരിക്കുന്നത്. പ്രധാന ടവറിൽ ഏഴ് നിലകളും മറ്റ് രണ്ട് ടവറുകളിൽ ആറ് നിലകൾ വീതവും ഉണ്ടാകും. ചീഫ് ജസ്റ്റിസിന്റേതുൾപ്പെടെ 61 കോടതി ഹാളുകൾ, രജിസ്ട്രാർ ഓഫീസ്, ഓഡിറ്റോറിയം, വിവിധ കമ്മിറ്റികൾക്കുള്ള മുറികൾ, ഭരണ വിഭാഗത്തിനുള്ള സൗകര്യങ്ങൾ, ലൈബ്രറി ബ്ലോക്ക്, ആർബിട്രേഷൻ സെന്റർ, റിക്രൂട്ട്മെന്റ് സെൽ, ഐ.ടി വിഭാഗം, ഇൻഫർമേഷൻ സെന്റർ തുടങ്ങി അതിവിപുലമായ സൗകര്യങ്ങൾ ഉണ്ടാകും. ഇതിനു പുറമേ അഡ്വക്കേറ്റ് ജനറൽ ഓഫീസ്, അഭിഭാഷകരുടെ ചേംബറുകൾ, പാർക്കിങ് സൗകര്യം, മഴവെള്ള സംഭരണി എന്നിവയും രൂപകൽപന ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലും കെട്ടിട നിർമ്മാണവുമുൾപ്പെടെ 1000 കോടിയിൽപരം രൂപ ചെലവ് കണക്കാക്കുന്ന പദ്ധതിയാണിത്. പ്രാരംഭ നടപടികൾക്കും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനുമായി ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി. എല്ലാ വിഭാഗം ജനങ്ങൾക്കുമുള്ള പ്രാപ്യത, യാത്രാസൗകര്യം, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം എന്നിവ കണക്കിലെടുത്ത് ജുഡീഷ്യൽ സിറ്റിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം കളമശ്ശേരിയാണെന്ന് നിയമമന്ത്രി പി. രാജീവും ഹൈക്കോടതി ജഡ്ജിമാരും നടത്തിയ സ്ഥലപരിശോധനക്കു ശേഷം വിലയിരുത്തിയിരുന്നു.

നിലവിലുള്ള ഹൈക്കോടതി സ്ഥലപരിമിതി നേരിടുന്ന സാഹചര്യത്തിലാണ് പുതിയ നിർമ്മാണത്തെക്കുറിച്ച് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ഉയർന്നത്. നിലവിലെ ഹൈക്കോടതി മന്ദിരം വിപുലീകരിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന് പരിമിതികളുള്ള സാഹചര്യത്തിലാണ് കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കുക എന്ന തീരുമാനത്തിലേക്ക് എത്തിയതെന്നും മന്ത്രി പി.രാജീവ് പറഞ്ഞു.

# വോട്ടർപട്ടികയിൽ ഓൺലൈനായി പേര് ചേർക്കാനും നീക്കാനും ഇ-സൈൻ നിർബന്ധമാക്കി തിരഞ്ഞെടുപ്പ് കമ്മിഷൻ

**ന്യൂഡൽഹി:** തെരെഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടലും ആപ്പും വഴി ഇനി ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഇ- സൈൻ നിർബന്ധമാക്കി. സ്വന്തം ആധാറുമായി ബന്ധിപ്പിച്ച ഫോൺ നമ്പർ ഉപയോഗിച്ച് മാത്രമേ ഇനി മുതൽ ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കാനും നീക്കം ചെയ്യാനും തിരുത്തൽ വരുത്താനും കഴിയുകയുള്ളു.


ഓൺലൈനിലൂടെ വ്യാപകമായി വോട്ടർ പട്ടികയിൽ ക്രമക്കേട് നടത്തുന്നുവെന്ന പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണത്തിന് പിന്നാലെയാണ് തെരെഞ്ഞെടുപ്പ് കമ്മിഷന്റെ പുതിയ പരിഷ്ക്കാരം.

നേരത്തെ വോട്ടർ തിരിച്ചറിയൽ കാർഡിലെ നമ്പറുമായി ഏതെങ്കിലും ഒരു ഫോൺ നമ്പർ ബന്ധിപ്പിച്ച ശേഷം ഓൺലൈനായി വോട്ടർപട്ടികയിൽ പേര് ചേർക്കാനും നീക്കാനും സാധിക്കുമായിരുന്നു. ഫോൺ നമ്പർ സംബന്ധിച്ച പരിശോധന ഇല്ലാതിരുന്നതിനാൽ വ്യാപകമായ ക്രമക്കേട് നടന്നിരുന്നു. കർണാടകയിലെ അലന്ദ് മണ്ഡലത്തിൽ ഇത്തരത്തിൽ 6,000 ത്തിലധികം പേരുകൾ നീക്കം ചെയ്തിരുന്നതായി രാഹുൽ ഗാന്ധി ആരോപണം ഉന്നയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ക്രമക്കേട് തടയുന്നതിന് പുതിയ നടപടി തെരെഞ്ഞെടുപ്പ് കമ്മിഷൻ ഏർപ്പെടുത്തിയത്.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഫോം 6 പൂരിപ്പിക്കേണ്ടതാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് എതിർക്കുന്നതിനും പേര് നീക്കം ചെയ്യാനും പൂരിപ്പിക്കേണ്ടത് ഫോം 7 ആണ്. തിരുത്തൽ വരുത്തുന്നതിന് പൂരിപ്പിക്കേണ്ടത് ഫോം 8 ആണ്.

ഈ ഫോമുകളിലെയും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ആണ് ഇ-സൈൻ കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മിഷൻ നിർബന്ധമാക്കിയത്. അതായത് ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ ഉപയോഗിച്ച് മാത്രമേ ഇനി മുതൽ ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

# എച്ച് 1 ബി വിസയിൽ വെയ്റ്റഡ് സെലക്ഷനൊരുങ്ങിനൊരുങ്ങി അമേരിക്ക



**വാഷിങ്ടൻ:** എച്ച് 1 ബി വിസ പദ്ധതി പരിഷ്കരിക്കാൻ ഡോണൾഡ് ട്രംപ് ഭരണകൂടം. നിലവിൽ വിസ അനുവദിക്കുന്ന ലോട്ടറി സമ്പ്രദായം നിർത്തലാക്കാനാണ് നിർദേശം. ലോട്ടറി സമ്പ്രദായം എല്ലാ അപേക്ഷരെയും തുല്യമായി പരിഗണിക്കുന്നുവെന്നാണ് സർക്കാർ നിരീക്ഷണം. പകരം, കൂടുതൽ യോഗ്യതയും ശമ്പളവും വൈദഗ്ധ്യവും ഉള്ളവർക്ക് മുൻഗണന നൽകും. ഇതിനായി വെയ്റ്റഡ് സെലക്ഷൻ രീതി നടപ്പിലാക്കാനാണ് തീരുമാനം. ഇതുവഴി കൂടുതൽ യോഗ്യതയുള്ളവർക്ക് ആയിരിക്കും മുൻഗണന.

വെയ്റ്റഡ് സെലക്ഷൻ രീതിയുടെ ഭാഗമായി പുതിയ ശമ്പള ബാൻഡുകൾ സൃഷ്ടിക്കും. ഏറ്റവും ഉയർന്ന ശമ്പളമുള്ളവർക്ക് നാലു തവണ വിസയ്ക്കായി പരിഗണിക്കും. കുറഞ്ഞ വേതനമുള്ളവരെ ഒരു തവണയാകും പരിഗണിക്കുക. യുഎസ് സർവകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർഥികൾക്ക് അടക്കം പരിഷ്കാരം ഗുണം ചെയ്യുമെന്നാണ് വിലയിരുത്തൽ. ആഗോള പ്രതിഭകളെ യുഎസ് സമ്പദ്‌വ്യവസ്ഥയിലേക്ക് ആകർഷിക്കാൻ പുതിയ നിർദ്ദേശം വഴി വയ്ക്കുമെന്ന് മാനിഫെസ്റ്റ് ലോയിലെ പ്രിൻസിപ്പൽ ഇമിഗ്രേഷൻ അറ്റോർണി നിക്കോൾ ഗുണാര പറഞ്ഞു.

യുഎസിന്റെ എച്ച് 1 ബി വിസ പരിഷ്കരണത്തിനു പിന്നാലെ ആഗോള പ്രതിഭകളെ ആകർഷിക്കാൻ യുകെ ഒരുങ്ങുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. കെ വിസയുമായാണ് ചൈന രംഗത്തെത്തിയത്. ഇതിനുപിന്നാലെയാണ് പദ്ധതി പരിഷ്കരിക്കാൻ യുഎസ് ഭരണൂടം തീരുമാനമെടുക്കുന്നത്.




# റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ ശമ്പളം അടിസ്ഥാനമാക്കി ബോണസ്

**ന്യൂഡൽഹി:** റെയിൽവേ ജീവനക്കാർക്ക് മോദി സർക്കാരിന്റെ ദീപാവലി സമ്മാനം. 10.91 ലക്ഷത്തിലധികം ജീവനക്കാർ 78 ദിവസത്തെ ശമ്പളത്തിന് അടിസ്ഥാനമാക്കിയുള്ള ബോണസ് നൽകാൻ കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചു. ജീവനക്കാരുടെ മികച്ച പ്രകടനത്തിനുള്ള അംഗീകാരമായാണ് ഈ തീരുമാനമെടുത്തതെന്ന് കേന്ദ്ര മന്ത്രിസഭ പ്രസ്താവനയിൽ പറഞ്ഞു.

ഗസറ്റഡ് അല്ലാത്ത റെയിൽവേ ജീവനക്കാർക്ക് ആണ് ബോണസ് നൽകുന്നത്. 10,91,146 ജീവനക്കാർക്ക് 1,865.68 കോടി രൂപ ചെലവഴിക്കും. എല്ലാ വർഷവും ദുർഗ്ഗാ പൂജ / ദസറ അവധി ദിവസങ്ങൾക്ക് മുമ്പാണ് ബോണസ് നൽകുന്നത്. റെയിൽവേയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നതിന റെയിൽവേ ജീവനക്കാരെ പ്രചോദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനമായാണ് ഇത്രയും തുക ബോണസായി നൽകുന്നതെന്ന് മന്ത്രിസഭായോഗം വ്യക്തമാക്കി.

# തെരുവ് നായ നിയന്ത്രണം: മരട് നഗരസഭ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു

**കൊച്ചി:** വർധിച്ചുവരുന്ന തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ മരട് നഗരസഭ പുതിയ കർമ്മ പദ്ധതിക്ക് രൂപം നൽകി. നഗരസഭ ചെയർമാൻ ആന്റണി ആശാംപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന മോണിറ്ററിങ് കമ്മിറ്റിയാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

നഗരസഭാ പരിധിയിൽ ഏകദേശം 650 തെരുവ് നായകൾ ഉണ്ടെന്നാണ് കണ്ടെത്തൽ. ആദ്യഘട്ടത്തിൽ ഇവയ്ക്ക് വാക്സിനേഷൻ നൽകുന്നതിനും, സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ മൃഗജനന നിയന്ത്രണ പരിപാടി (അനിമൽ ബർത്ത് കൺട്രോൾ) നടപ്പാക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നതിനായി നഗരസഭയിൽ പ്രത്യേക ഫീഡിങ് പോയിന്റുകൾ സ്ഥാപിക്കും. ഇത് പൊതുഇടങ്ങളിൽ ഭക്ഷണം വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും, നായകളെ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും സഹായിക്കുമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. ആരോഗ്യകാര്യ കമ്മിറ്റി ചെയർപേഴ്സൺ റിനി തോമസ്, സെക്രട്ടറി നാസിം, ഡോ. വിനയ് വിജയകുമാർ, ക്ലീൻ സിറ്റി മാനേജർ പ്രേംചന്ദ്, ഹെൽത്ത് ഇൻസ്പ്ക്ടർ രാജീവ്കുമാർ, കമ്മിറ്റി അംഗമായ പി. ടി. ജേക്കബ് എന്നിവർ പങ്കെടുത്തു.

## ആയുർവേദ ദിനാചരണം

**കൊച്ചി:** നാഷണൽ ആയുഷ് മിഷന്റെയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ 10ാമത് ജില്ലാതല ആയുർവേദ ദിനാചരണം സംഘടിപ്പിച്ചു. ചങ്ങമ്പുഴ പാർക്കിൽ നടന്ന ദിനാചരണം ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. വർദ്ധിച്ച് വരുന്ന ജീവിതശൈലി രോഗങ്ങൾ തടയുന്നതിന് ആയുർവേദ ചികിത്സാ രീതികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് എം.എൽ.എ പറഞ്ഞു. ആയുർവേദം മാനവരാശിക്കും ഭൂമിക്കും' എന്നതാണ് ഈ വർഷത്തെ ആയുർവേദ ദിനാചരണത്തിന്റെ ആപ്തവാക്യം. ദിനാചരണത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ആഹാര പ്രദർശനം, ബോധവത്കരണ ക്ലാസുകൾ, എ.ബി.എച്ച്.എ രജിസ്ട്രേഷൻ എന്നിവ സംഘടിപ്പിച്ചു.

ആയുർവേദ ദിനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരം, ആരോഗ്യ പാചക മത്സരം, റീൽസ് മത്സരം എന്നീ ഇനങ്ങളിൽ വിജയികളായവർക്ക് എം.എൽ.എ സമ്മാനങ്ങൾ വിതരണം ചെയ്തു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ് മുഖ്യപ്രഭാഷണം നടത്തി.

ആയുഷ്മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ. വി. പി ജയകൃഷ്ണൻ, ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സീബ ബാലകൃഷ്ണൻ, എറണാകുളം ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ ഡോ. രാജൻ, നാഷണൽ ഹെൽത്ത് മിഷൻ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ഡോ. പ്രിസ്റ്റിൻ ജോർജ്, മറ്റു ഉ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സംഘാടകസമിതി രൂപീകരിച്ചു

**കൊച്ചി:** ഭാവി കേരളത്തെ പുരോഗമനപരവും വികസിതവുമാക്കുക എന്ന ലക്ഷ്യത്തോടെ വിഷൻ 31 ന്റെ ഭാഗമായി സംസ്ഥാന സർക്കാർ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ന്യൂനപക്ഷ ക്ഷേമ വികസന സെമിനാറിന്റെ നടത്തിപ്പിനു സംഘാടകസമിതി രൂപീകരിച്ചു. എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കെ.ജെ മാക്സി എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് സംഘാടകസമിതിക്ക് രൂപം നൽകിയത്. ഒക്ടോബർ 16ന് ഫോർട്ട് കൊച്ചി വെളി മൈതാനത്താണ് സംസ്ഥാന സെമിനാർ നടക്കുക. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1000 പേർ സെമിനാറിൽ പങ്കെടുക്കുമെന്ന് എം.എൽ.എ യോഗത്തിൽ അറിയിച്ചു. മന്ത്രി വി. അബ്ദു റഹിമാൻ, മന്ത്രി പി. രാജീവ്, മേയർ അഡ്വ. എം. അനിൽ കുമാർ എന്നിവരെ രക്ഷാധികാരികളായും കെ.ജെ മാക്സി എം.എൽ.എ ചെയർമാനുമായ സംഘാടക സമിതിക്കാണു രൂപം നൽകിയത്. കേരളം രൂപീകരണത്തിന്റെ 75 വർഷം 2031ൽ പൂർത്തിയാകുന്നതിന്റെ പശ്ചാത്തലത്തിൽ, കഴിഞ്ഞകാല വളർച്ച വിലയിരുത്തി ഭാവി വികസനം ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ മേഖലകളിലായി 33 വിഷയങ്ങളിൽ സംസ്ഥാന തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നത്.

## ലാപ്ടോപ്പിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ നിന്നും 2025-26 അധ്യയന വർഷത്തെ ലാപ്ടോപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 15. അപേക്ഷാ ഫോറത്തിന്റെ മാതൃകയും വിശദ വിവരങ്ങളും ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമാണ്. 0484-2800581.



# ഗർഭകാല,പ്രസവാനന്തര ശുശ്രൂഷയിൽ ചൂഷണം അവസാനിപ്പിക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വനിതകൾക്ക് ആയുർവേദത്തിൽ അധിഷ്ഠിതമായ ഗർഭകാലപ്രസവാനന്തര ശുശ്രൂഷയിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള സൂതികാമിത്രം കോഴ്സിനുള്ള ധാരണാപത്രം ഒപ്പിട്ടു. സംസ്ഥാന തലത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിങ് ഇൻ ആയുഷി(നിത്യ)ന്റെ കീഴിൽ നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ നാഷണൽ ആയുഷ് മിഷൻ കേരള ഡയറക്ടർ ഡോ. ഡി. സജിത് ബാബുവും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി.ഡി ശ്രീകുമാറും ഒപ്പുവച്ചു.

ഗർഭകാല, പ്രസവാനന്തര ശുശ്രൂഷയിൽ ചൂഷണം അവസാനിപ്പിക്കുക ലക്ഷ്യമെന്ന് പദ്ധതി ഉദ്ഘാടനം ചെയ്ത മന്ത്രി വീണാ ജോർജ് പറഞ്ഞു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച മൊഡ്യൂൾ പ്രകാരമാണ് കോഴ്സ്. അമ്മയേയും കുഞ്ഞിനേയും ശാസ്ത്രീയമായി പരിചരിക്കുന്നതിനും അവരുടെ സേവനം സംസ്ഥാനത്ത് എല്ലായിടങ്ങളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുമാണ് കോഴ്സ് ആരംഭിക്കുന്നത്. മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സാണിത്. സൂതികാമിത്രങ്ങൾ കെയർ ഗിവേഴ്സ് ആയിരിക്കും. ആയുർവേദ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമായിരിക്കും അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണവും ചികിത്സയടക്കമുള്ള കാര്യങ്ങൾ ചെയ്യുക എന്ന് ഉറപ്പാക്കും. ശാസ്ത്രീയ പരിശീലനം നേടിയവർ മാത്രം ഈ മേഖലയിൽ ജോലി ചെയ്യുന്നു എന്ന് ഉറപ്പു വരുത്താൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

നാഷണൽ ആയുഷ് മിഷന്റെ മേൽനോട്ടത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഇൻ ആയുഷ് വഴിയാണ് പരിശീലനം നൽകുന്നത്. എസ്.എസ്.എൽ.സി പാസായ 20 വയസിനും 50 വയസിനും ഇടയിൽ പ്രായമുള്ള വനിതകൾക്ക് ഈ കോഴ്സിൽ പങ്കെടുക്കാം. സംസ്ഥാന സഹകരണ വകുപ്പിന് കീഴിലുള്ള വനിതാ ഫെഡറേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സമാനമായി കുടുംബശ്രീ മുതലായ സർക്കാർ ഏജൻസികൾ വഴിയും പദ്ധതി നടപ്പിലാക്കുന്നതാണ്. താൽപര്യമുള്ള മറ്റ് ഏജൻസികൾക്കും ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

# മുഴുവൻ പഞ്ചായത്തുകളിലെയും ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും: മന്ത്രി

**ആലപ്പുഴ:** സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തിലെയും ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുമെന്ന് ആരോഗ്യ, വനിതാ, ശിശുക്ഷേമവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കരുവാറ്റ ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രം നിർമ്മാണോദ്ഘാടനം കടുവൻ കുളങ്ങര ജംഗ്ഷന് സമീപം നടന്ന ചടങ്ങിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ 885 ആരോഗ്യകേന്ദ്രങ്ങളിൽ 748 എണ്ണവും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി. ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ സൗജന്യമായി ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം. 2022 മുതൽ സൗജന്യ കരൾ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയ, മജ്ജമാറ്റിവെയ്ക്കൽ ശാസ്ത്രക്രിയ എന്നിവ സർക്കാർ ആരംഭിച്ചുവെന്നും മന്ത്രി പറഞ്ഞു.

2023-24 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച രണ്ടുകോടി മുപ്പതു ലക്ഷം രൂപ ഉപയോഗിച്ചാണ് നിർമ്മാണം. 4400 ചതുരശ്ര അടിയിൽ ഒരുങ്ങുന്ന കെട്ടിടത്തിൽ പൊതുജനാരോഗ്യവിഭാഗം, ക്ലിനിക്കൽ വിഭാഗം, ഒ.പി ബ്ലോക്ക്, ലബോറട്ടറി, ഫീഡിംഗ്, ഇമ്മ്യൂണൈസേഷൻ, കുട്ടികളുടെ റസ്റ്റ് റൂം, ഡ്രസ്സിംഗ് മുറി, ഒബ്സർവേഷൻ എന്നിവയ്ക്കുള്ള മുറികളും, ഫാർമസി, ഓഫീസ്, രോഗികൾക്ക് കാത്തിരിപ്പിനുള്ള സൗകര്യം തുടങ്ങിയ ഒരുക്കും.

ചടങ്ങിൽ രമേശ് ചെന്നിത്തല എം.എൽ.എ അധ്യക്ഷനായി. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രുഗ്മിണി രാജു, കരുവാറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സനിൽകുമാർ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. റ്റി. എസ്. താഹ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. എം. എം. അനസ് അലി, ജില്ലാ പഞ്ചായത്തംഗം എ. ശോഭ, കരുവാറ്റ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി പൊന്നമ്മ, ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷാരായ ശ്രീലേഖ മനു, ടി മോഹൻ കുമാർ, ഷീബ ഓമനക്കുട്ടൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗ്ഗീസ്, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ കോശി. സി. പണിക്കർ, പഞ്ചായത്തംഗങ്ങളായ ബേബി നീതു, സുനിൽകുമാർ, സുസ്മിത, ഷാജി കരുവാറ്റ, പി. ബി. ബിജു, വി. കെ. നാഥൻ, കെ. ആർ. പുഷ്പ, എസ്. അനിത, അനി ദത്തൻ, പഞ്ചായത്ത് മുൻ പ്രസിഡന്റ് എസ്. സുരേഷ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വന്യജീവി വാരാഘോഷം; വിവിധയിനം മത്സരങ്ങൾ സംഘടിപ്പിക്കുന്നു

**കൊച്ചി:** വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി കേരള വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ഒക്ടോബർ രണ്ട്, മൂന്ന് തീയതികളിൽ എറണാകുളം എസ്. ആർ.വി. ഗവ. ഹയർ സെക്കൻഡറി സ്കൂളിലാണ് മത്സരങ്ങൾ നടക്കുക. ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും, അംഗീകൃത സ്വാശ്രയ സ്കൂളുകളിലേയും, പ്രൊഫഷണൽ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. വിദ്യാർത്ഥികൾ സ്കൂൾ/കോളേജ് അധികാരികളിൽ നിന്നും തങ്ങളുടെ പേര്, വിലാസം, വിദ്യാലയത്തിന്റെ പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്സ്, പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന മത്സര ഇനം എന്നിവ വ്യക്തമാക്കുന്ന സാക്ഷ്യപത്രവുമായി നിർദിഷ്ട ദിവസം നിർദിഷ്ട സമയത്ത് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒക്ടോബർ രണ്ടിന് രാവിലെ 9.00 മുതൽ 9.30 വരെ രജിസ്ട്രേഷൻ, തുടർന്ന് 11.30 വരെ പെൻസിൽ ഡ്രോയിംഗ് (എൽ.പി., യു.പി., ഹൈസ്കൂൾ, കോളേജ്), 11.45 മുതൽ 12.45 വരെ ഉപന്യാസം (ഹൈസ്കൂൾ, കോളേജ്), ഉച്ചകഴിഞ്ഞ് 1.30 മുതൽ 2.00 വരെ രജിസ്ട്രേഷൻ, തുടർന്ന് 2.15 മുതൽ 4.15 വരെ വാട്ടർ കളർ പെയിന്റിംഗ് (എൽ.പി., യു.പി., ഹൈസ്കൂൾ, കോളേജ്). ഒക്ടോബർ മൂന്നിന് രാവിലെ 9.00 മുതൽ 10.00 വരെ രജിസ്ട്രേഷൻ. 10.00 മുതൽ ഉച്ചക്ക് ഒന്നു വരെ ക്വിസ്സ് (ഹൈസ്കൂൾ, കോളേജ്). ഉച്ചകഴിഞ്ഞ് 1.30 മുതൽ 2.00 വരെ രജിസ്ട്രേഷൻ. 2.00 മുതൽ 4.00 വരെ പ്രസംഗം (ഹൈസ്കൂൾ, കോളേജ്). എൽ.പി, യു.പി. വിഭാഗങ്ങൾക്ക് പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങൾ മാത്രമേയുള്ളൂ. പ്ലസ് വൺ, പ്ലസ്ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി തലം മുതൽ മുകളിലോട്ടുള്ളവർക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484-2344761, 8547603736, 8547603737, 8547303738, 9447979141.

# കയർമേഖലയുടെ കുതിപ്പിന് കയർ കോൺക്ലേവ് വഴിയൊരുക്കും: മന്ത്രി പി രാജീവ്

**ആലപ്പുഴ:** കയർ കോൺക്ലേവ് കയർമേഖലയുടെ കുതിപ്പിന് വഴിയൊരുക്കുമെന്ന് മന്ത്രി പി. രാജീവ്. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വിവിധ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച കയർ കോൺക്ലേവ് 2025 ആലപ്പുഴ കയർ ക്രാഫ്റ്റ് കൺവെൻഷൻ സെന്ററിൽ (കയർ കോർപ്പറേഷൻ അങ്കണം) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു രാജീവ്.

പുതിയ തലമുറയെ കയർമേഖലയിലേക്ക് ആകർഷിച്ച് കയർമേഖലയുടെ കുതിപ്പിന് വഴിയൊരുക്കുകയെന്നതാണ് കോൺക്ലേവിന്റെ പ്രധാന ലക്ഷ്യം. കമ്പോളത്തിന്റെ ആവശ്യങ്ങൾ അനുസരിച്ച് നമ്മുക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സജീവമായി ഇടപെടുകയും ഗൗരവമായ ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്. പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമല്ല ശാശ്വതമായ പ്രതിവിധിയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

നാലു വർഷം കൊണ്ട് 140 കോടിയിലധികം കയർ ഭൂവസ്ത്രം വിൽക്കുവാൻ സർക്കാരിന്റെ ഇടപെടലിലുടെ സാധിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി 1260 പുതിയ വെളിച്ചെണ്ണ മില്ലുകൾ മൂന്ന് വർഷം കൊണ്ട് സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. 1200 തേങ്ങ ഉണക്കി കൊപ്രയാക്കുന്ന ഡ്രൈയേഴ്സും നിലവിൽ വന്നിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളത്തിനകത്തുനിന്നും ഗുണമേന്മയുള്ള ചകിരിയുടെ സംഭരണത്തിനായി കയർ ഡയറക്ടറും കയർ ഫെഡ് എം ഡി യും ചേർന്നുള്ള അക്കൗണ്ടിലേക്ക് അഞ്ച് കോടി രൂപ ഗവൺമെന്റ് അനുവദിച്ചു. ഇതിൽ 1.25 കോടി രൂപയ്ക്ക് ഭരണാനുമതി കൊടുത്തു. ഇത് കയറിന്റെ ഉൽപ്പാദനവും തൊഴിലാളികളുടെ കൂലിയും വർദ്ധിക്കുന്നതിന് കാരണമാകുമെന്നും മന്ത്രി പറഞ്ഞു. ഒറീസയിൽ നിന്ന് കയർ കോർപ്പറേഷന് 2.70 കോടിയുടെ ഓർഡർ പുതിയതായി കിട്ടിയിട്ടുണ്ടെന്നും രാജീവ് പറഞ്ഞു.

പരിപാടിയിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി. കേരളത്തിന്റെ സാമ്പത്തിക സാമൂഹ്യഘടനയുടെ അഭിവാജ്യമായ ഒരു ഭാഗമാണ് കയർ. ഈ മേഖലയിൽ പണിയെടുത്ത ജനവിഭാഗങ്ങൾ അവരുടെ വളർച്ചയ്ക്കൊപ്പം നാടിന്റെ വികസനത്തിനു വേണ്ടിയും വലിയ ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ലോകത്ത് വന്ന മാറ്റങ്ങൾ കയർ വ്യവസായത്തെയും ബാധിച്ചു. ഈ പ്രതിസന്ധികളെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മറികടക്കാനുള്ള ശ്രമത്തിലാണ് സർക്കാർ മന്ത്രി സജി ചെറിയാൻ പറഞ്ഞു.

കഴിഞ്ഞ ഒൻപത് വർഷക്കാലമായി മേഖലയുടെ വികസനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കയർ റിവോൾവിങ് ഫണ്ട്. ഈ തുക വിനിയോഗിച്ച് അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാനും സമയബന്ധിതമായി പണം നൽകുവാനും സാധിച്ചിട്ടുണ്ട്. ചകിരി ക്ഷാമം പരിഹരിക്കാനായി നടപ്പാക്കിയ ഫൈബർ ബാങ്ക്, തൊഴിലാളി ക്ഷേമം ഉറപ്പാക്കാൻ നടപ്പാക്കിയ ഇൻകം സപ്പോർട്ട് സ്കീം, ഇൻഷുറൻസ് പദ്ധതി, കുടിശ്ശിക തീർപ്പാക്കാനുള്ള ഒറ്റതവണ സഹായ പദ്ധതികൾ എന്നിവയെല്ലാം സർക്കാരിന്റെ കയർ മേഖലയെ സംരക്ഷിക്കുമെന്ന പ്രതിജ്ഞയുടെ ഫലമായി നടപ്പാക്കിയ പദ്ധതികളാണെന്നും മന്ത്രി പറഞ്ഞു.

കോൺക്ലേവിൽ എംഎൽഎമാരായ പി. പി. ചിത്തരഞ്ജൻ, എച്ച്. സലാം ദലീമ ജോജോ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി. എം മുഹമ്മദ് ഹനീഷ് , കയർഫെഡ് പ്രസിഡന്റ് ടി കെ ദേവകുമാർ, കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനി ചെയർമാൻ എം എച്ച് റഷീദ്, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ. കെ. ഗണേശൻ, കയർ കോർപ്പറേഷൻ മുൻ ചെയർമാൻ ആർ. നാസർ, സംഘാടകസമിതി ചെയർമാൻ ജി. വേണുഗോപാൽ, കയർ കോപ്പറേഷൻ മാനേജിങ് ഡയറക്ടർ പ്രതീഷ്. ജി. പണിക്കർ, ടി.എം.എം.സി എം.ഡി വി.ആർ പ്രസാദ്, , കെ.എസ്.ഡി.പി ചെയർമാൻ സി.ബി. ചന്ദ്രബാബു, കയർ മേഖലാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി പുതിയ കാലം പുതിയ സമീപനം എന്ന വിഷയത്തിൽ നടന്ന ചർച്ച മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. കമ്പോള വെല്ലുവിളിയും ബദൽ മാർഗ്ഗങ്ങളും എന്ന ചർച്ചയ്ക്ക് മുൻ മന്ത്രി ഡോ. ടി എം തോമസ് ഐസക് നേതൃത്വം നൽകി. കയർ വികസന ഡയറക്ടർ ആനി ജൂലാ തോമസ് കയർ വിദഗ്ധ സമിതി റിപ്പോർട്ട് നിർദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച് നടപടികൾ എന്ന വിഷയാവതരണം നടത്തി.

കയർമേഖലയുടെ ഭാവിയുമായി ബന്ധപ്പെട്ട നിരവധി ആശയങ്ങളും അഭിപ്രായങ്ങളും ചർച്ചകളിൽ ഉയർന്നു.

# ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉറപ്പാക്കുന്നത് ഗുണനിലവാരമുള്ള ചികിത്സ: മന്ത്രി

## ചേപ്പാട് കുടുംബാരോഗ്യകേന്ദ്രവും ജനകീയ ലാബും ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** ആർദ്രം പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നത് ഗുണനിലവാരമുള്ള ചികിത്സയെന്ന് ആരോഗ്യ, വനിത, ശിശുക്ഷേമവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ചേപ്പാട് പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ജനകീയ ലാബിന്റെയും ഉദ്ഘാടനം പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയിൽ ഏറ്റവുമധികം ആയുർദൈർഘ്യമുള്ളവർ കേരളത്തിലാണ്. ആരോഗ്യം ആനന്ദം അകറ്റാം അർബുദം എന്ന കാമ്പയിനിലൂടെ ഇതുവരെ 18.50 ലക്ഷം പേർ കാൻസർ പരിശോധനക്ക് വിധേയരായി. കേരളത്തിൽ ഇന്ന് എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ലാബുകളും പരിശോധന സൗകര്യങ്ങളുമുണ്ട്. സംസ്ഥാനത്ത് ഇതുവരെ 885 ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി. 2023 മുതൽ സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ചേപ്പാട് പഞ്ചായത്തിൽ നാല് ജനകീയാരോഗ്യകേന്ദ്രങ്ങളാണുള്ളത്. പഞ്ചായത്തിലെ 14 വാർഡുകളിൽനിന്ന് മാസം ശരാശരി 3900 പേരാണ് ഒ പി യിലൂടെ ചികിത്സ തേടുന്നത്. 210 കിടപ്പ് രോഗികൾക്ക് കൃത്യമായ പരിചരണം നൽകുന്നു. 42 അതിദരിദ്രർക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡ്, ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ, അവകാശ രേഖ എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഹെൽത്ത് ഗ്രാന്റിൽ നിന്ന് 37 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് 11 ലക്ഷം രൂപയും വിനിയോഗിച്ചാണ് കുടുംബാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം. നാട്ടുകാരുടെയും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെയും സംയുക്ത ശ്രമഫലമായാണ് നാല് ലക്ഷം രൂപ ചെലവിൽ ജനകീയ ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

ചടങ്ങിൽ രമേശ് ചെന്നിത്തല എംഎൽഎ അധ്യക്ഷനായി. ചേപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം കെ വേണുകുമാർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി ഉണ്ണികൃഷ്ണൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു രാജേന്ദ്രൻ, ജില്ലാ പഞ്ചായത്തംഗം എ ശോഭ, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ഡി കൃഷ്ണകുമാർ, എസ് വിജയകുമാരി, കെ വിശ്വപ്രസാദ്, ഗ്രാമപഞ്ചായത്തംഗങ്ങളായ എം മണിലേഖ, തങ്കമണി വിജയൻ, സനിൽകുമാർ, ജാസ്മിൻ, ഷൈനി, ഐ തമ്പി, ബിന്ദു ശിവാനന്ദൻ, ടി തുളസി, എം ശാലിനി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുനാ വർഗീസ്, ദേശീയ ആരോഗ്യ മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കോശി സി പണിക്കർ, പഞ്ചായത്ത് സെക്രട്ടറി ജി മനോജ്, മെഡിക്കൽ ഓഫീസർ റെയ്ന തോമസ്, മുൻ മെഡിക്കൽ ഓഫീസർ ഡോ. എഷിനു, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ ടി സുരേന്ദ്രൻ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




# സുൽത്താൻ ഖബൂസ് സർവകലാശാലയും കുസാറ്റും ധാരണാപത്രത്തിൽ ഒപ്പുവെച്ചു

**കൊച്ചി:** ഒമാനിലെ സുൽത്താൻ ഖബൂസ് സർവകലാശാലയും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും അക്കാദമിക് ഗവേഷണ സഹകരണത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സുൽത്താൻ ഖബൂസ് സർവകലാശാല വൈസ് ചാൻസലർ ഹിസ് ഹൈനെസ് സയ്യിദ് ഡോ. ഫഹദ് ബിൻ അൽ ജുലന്ദ അൽ സൈദ്, കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ.യു. എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവെച്ച ചടങ്ങിൽ, ഇന്ത്യയുടെ ഒമാൻ സ്ഥാനപതി ഹിസ് എക്സലൻസി ഖോടവർത്തി വെങ്കട ശ്രീനിവാസ്, ഇരുവിഭാഗങ്ങളിലെയും അധ്യാപകർ എന്നിവർ സന്നിഹിതരായിരുന്നു. ഗവേഷകർ, അധ്യാപകർ, വിദഗ്ധർ എന്നിവരുടെ കൈമാറ്റം, സംയുക്ത ഗവേഷണ പദ്ധതികൾ, പോസ്റ്റ്ഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ ഗവേഷണ മേൽനോട്ടം, കോൺഫറൻസുകൾ, സെമിനാറുകൾ എന്നിവയിൽ സഹകരണം തുടങ്ങിയവ ഈ കരാർ ഉറപ്പുവരുത്തുന്നു. അക്കാദമിക ഗവേഷണ കൈമാറ്റം, വിദ്യാർത്ഥിഗവേഷക സന്ദർശനങ്ങൾ എന്നിവയും കരാറിന്റെ ഭാഗമാണ്. ഈ സഹകരണം ഇരുസർവകലാശാലകൾക്കും കൂടുതൽ അക്കാദമിക് അവസരങ്ങൾ ഒരുക്കുകയും ഗവേഷണബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യും.

# കുസാറ്റ് പൂർവ്വ വിദ്യാർത്ഥിക്ക് 1 കോടി രൂപയുടെ ഫെലോഷിപ്പ് ലഭിച്ചു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇന്റഗ്രേറ്റഡ് എംഎസ് സി ഫിസിക്സിലെ പൂർവ്വ വിദ്യാർത്ഥിയായ മെർലിൻ സി യുവിന് ജർമനിയിലെ യൂണിവേഴ്സിറ്റി ഓഫ് ഫ്രീബേർഗിൽ പിഎച്ച്ഡി ചെയ്യുവാനായി 1.1 കോടി രൂപയുടെ ഫെലോഷിപ്പ് ലഭിച്ചു. 2024 ബാച്ചിലെ വിദ്യാർത്ഥിയായിരുന്ന മെർലിൻ, മൂന്ന് വർഷത്തേക്ക് പ്രതിമാസം 3055.63 യൂറോ വീതം സ്റ്റൈപ്പന്റ് ലഭിക്കും. മൊത്തം തുക ഏകദേശം 1.1 കോടി രൂപ വരും. ക്ലസ്റ്റർ സൈസ് ആൻഡ് ടൈം റിസോൾവ്ഡ് XUV ഫോട്ടോയിലക്ട്രോണിക് സ്പെക്ട്രോസ്കോപ്പി ഓഫ് ഫോട്ടോകാറ്റലിറ്റിക് വാട്ടർ സ്പ്ലിറ്റിങ് സിസ്റ്റംസ് എന്ന വിഷയത്തിലാണ് പിഎച്ച്ഡി ചെയുന്നത്. വയനാട് സ്വദേശിയായ മെർലിൻ, ഉലഹന്നാൻ സി ടി യുടെയും റീന കെ കെ യുടെയും മകളാണ്.

# സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം: കളമശ്ശേരിയിൽ 41 സർക്കാർ എയ്ഡഡ് സ്കൂളിൽ ആർ ഒ പ്ലാന്റുകൾ

**കൊച്ചി:** സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കളമശ്ശേരി മണ്ഡലത്തിലെ 41 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചു. അയിരൂർ സെന്റ് തോമസ് സ്കൂളിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ മണ്ഡലതല ഉദ്ഘാടനം മന്ത്രി പി രാജീവ് നിർവഹിച്ചു.

മൂന്ന് കോടി രൂപ ചെലവഴിച്ചാണ് സ്കൂളുകളിൽ ആർ ഒ പ്ലാന്റുകൾ സ്ഥാപിച്ചത്. ഒരു പ്ലാന്റിന് 7.16ലക്ഷം രൂപവീതം ചെലവഴിച്ച് ഓരോ സ്കൂളിലും 500 ലിറ്റർ ശേഷിയുള്ള ടാങ്കുകളാണ് സ്ഥാപിച്ചത്.

സിയാലിന്റെ പിന്തുണയോടെയാണ് ജലധാര എന്ന പേരിൽ പദ്ധതി നടപ്പാക്കിയത്. സ്കൂളുകളുടെ പശ്ചാത്തല വികസനത്തിനും വിവിധ പദ്ധതികൾക്കുമായി 30 കോടിയോളം രൂപ മണ്ഡലത്തിൽ ചെലവഴിച്ചു. പോഷക സമൃദ്ധം പ്രഭാത ഭക്ഷണം പദ്ധതി സംസ്ഥാനത്ത് തന്നെ ആദ്യമായി ആരംഭിച്ചത് കളമശ്ശേരിയിലാണ്. മണ്ഡലത്തിലെ മുഴുവൻ എൽ പി, യു പി, സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും നാലു വർഷമായി ബി പി സി എല്ലിന്റെ പിന്തുണയോടെ സൗജന്യ പ്രഭാത ഭക്ഷണം നൽകി വരുന്നുണ്ട്.

കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ തടസം നേരിട്ട കുട്ടികൾക്ക് വിവിധ സംഘടനകളുടെ സഹായത്തോടെ മൊബൈൽ ഫോണുകളും, ലാപ്ടോപ്പുകളും നൽകാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. ചടങ്ങിൽ കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു അധ്യക്ഷനായി. സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സി മുഖ്യാതിഥിയായി. പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി വി പ്രദീഷ്, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ വി ജയരാജൻ, എറണാകുളം വിദ്യാഭാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, അയിരൂർ സെന്റ് തോമസ് ഹൈസ്കൂൾ മാനേജർ ഫാ ജോയിസ് കൈതക്കൂട്ടിൽ, ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 സി ഗവർണർ കെ.ബി. ഷൈൻ കുമാർ, പ്രിൻസിപ്പാൾ ടി ജെ സിജു എന്നിവർ സംസാരിച്ചു.



എറണാകുളത്ത് നടക്കുന്ന യങ് മൈൻഡ്സ് ഇന്റർനാഷണലിന്റെ പ്രഥമ അന്തർ ദേശീയ സമ്മേളനവും ഭാരവാഹികളുടെ സ്ഥാനാരോഹണവും സംബന്ധിച്ച് സമ്മേളന സമിതി റീജിയണൽ ചെയർമാൻ ജോസ് അൽഫോൻസ്, ചെയർമാൻ ഐസക് പാലത്തിങ്കൽ, സംഘാടക സമിതി ചെയർമാൻ സന്തോഷ് ജോർജ്ജ്, ഏരിയ ട്രഷറർ പ്രതീഷ് പോൾ എന്നിവർ എറണാകുളം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനം നടത്തി പ്രഖ്യാപിച്ചപ്പോൾ.

# യങ് മൈൻഡ്സ് ഇന്റർനാഷണൽ അന്തർദേശീയ സമ്മേളനം സെപ്തംബർ 27, 28 തിയതികളിൽ കൊച്ചിയിൽ

**കൊച്ചി:** അന്തരാഷ്ട്ര സന്നദ്ധ സേവന സംഘടനയായ യങ് മൈൻഡ്സ് ഇന്റർനാഷണലിന്റെ പ്രഥമ അന്തർ ദേശീയ സമ്മേളനവും ഭാരവാഹികളുടെ സ്ഥാനാരോഹണവും സെപ്റ്റംബർ 27, 28 (ശനി, ഞായർ) തീയതികളിൽ കൊച്ചി ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുമെന്ന് സമ്മേളന സമിതി ചെയർമാൻ ഐസക് പാലത്തിങ്കൽ, സംഘാടക സമിതി ചെയർമാൻ സന്തോഷ് ജോർജ്ജ്, റീജ്യണൽ ചെയർമാൻ ജോസ് അൽഫോൻസ്, ഏരിയ ട്രഷറർ പ്രതീഷ് പോൾ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രണ്ടു ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിന് 27 ന് രാവിലെ 9.30 ന് അന്തരാഷ്ട്ര സംഘടനാ ഭാരവാഹികളുടെ യോഗത്തോടെ തുടക്കമാകും. ഉച്ചകഴിഞ്ഞ് 2.30 ന് ബെന്നി ബഹനാൻ എം.പി സമ്മേളനം ഉദ്ഘാടനം ചെയ്യും. കൺവെൻഷൻ ചെയർമാൻ ഐസക്ക് പാലത്തിങ്കൽ അധ്യക്ഷത വഹിക്കും. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ നായർ മുഖ്യപ്രഭാഷണവും, യങ് മൈൻഡ്സ് ഇന്റർനാഷണണൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ പ്രത്യേക പ്രഭാഷണവും നടത്തും. പ്രമുഖ വ്യവസായി ഗോകുലം ഗോപാലനെ ചടങ്ങിൽ ആദരിക്കും. സംഘടനയുടെ ഈ വർഷത്തെ പ്രധാന സാമൂഹ്യ സേവന പദ്ധതിയായ റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെയുടെയും പാർപ്പിട പദ്ധതിയുടെയും ഉത്ഘാടനവും ചടങ്ങിൽ നടക്കും.

വൈകുന്നേരം 3.30ന് നടക്കുന്ന വനിതാ, യൂത്ത് വിഭാഗം സമ്മേളനം ഉമ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. 24 ന്യൂസ് ആന്റ് ഫ് ളവേഴ്സ് ടിവി മാനേജിംഗ് ഡയറക്ടർ ആർ. ശ്രീകണ്ഠൻ നായർ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് ലോറിയൽ നയിക്കുന്ന ഹെൽത്ത് ആന്റ് ബ്യൂട്ടി മാസ്റ്റർ ക്ലാസും, വിൽപ്പത്രങ്ങളുടെ പ്രധാന്യം സംബന്ധിച്ച് സി. എ എബ്രാഹം സക്കറിയയുടെ പ്രഭാഷണവും നടക്കും. വൈകിട്ട് ആറുമുതൽ സംഗീത വിരുന്ന്, മെമ്പേഴ്സ് നൈറ്റ് ആന്റ് കലാസന്ധ്യ, ഭരതനാട്യം എന്നിവയും അരങ്ങേറും. 28 ന് രാവിലെ 09.30 ന് ബിസിനസ് മേഖലയിലെ പ്രമുഖരെ പങ്കെടുപ്പിച്ച് ബിസിനസ് കണക്ട് എന്ന പേരിൽ നടക്കുന്ന സംവാദത്തിൽ ഐബിഎസ് ഗ്രൂപ്പ് ചെയർമാൻ വി.കെ മാത്യൂസ് , ഇസാഫ് ചെയർമാൻ ഡോക്ടർ പോൾ തോമസ് തുടങ്ങിയവർ പങ്കെടുക്കും.

മാധ്യമ പ്രവർത്തകൻ ഹാഷ്മി താജ് ഇബ്രാഹിം മോഡറേറ്റർ ആയിരിക്കും. തുടർന്ന് 11.30 ന് പ്രഥമ ഇന്റർനാഷനൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ, സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ , ട്രഷറർ ആന്റണി ജോസഫ്, ബുള്ളറ്റിൻ എഡിറ്റർ ഡാനിയേൽ തോമസ് ഉൾപ്പെടെയുള്ള ഭാരവാഹികളുടെ സ്ഥാനാരോഹണം നടക്കും. സിഎൻഎൻ ന്യൂസ് 18 മാനേജിങ് എഡിറ്റർ സക്കജേക്കബ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും.

ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി മുന്നൂറിലധികം പ്രതിനിധികൾ രണ്ടു ദിവസമായി നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കും. അടുത്ത ഒരു വർഷക്കാലം അർഹരായ കിഡ്നി രോഗികൾക്ക് സ്വാന്തനമായി സൗജന്യ ഡയാലിസിസ് കൂപ്പൺ വിതരണം റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി നൽകും. അതുകൂടാതെ ഇപ്പോൾ ചെയ്തുവരുന്നതു കൂടാതെ കുടുതൽ ആശുപത്രികളുമായി ചേർന്ന് ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ച് സൗജന്യമായി ഡയാലിസിസ് സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും സംഘടന വിഭാവനം ചെയ്യുന്നുണ്ട്.

സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സാ സഹായം തുടങ്ങിയവ ഉൾപ്പെടെ മൂന്നു കോടി രൂപയുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കുമെന്നും സംഘാടകർ പറഞ്ഞു.

# യേ ഭി ദുബായ് ഹേ, ബ്രോ ക്യാമ്പയിൻ പുറത്തിറക്കി

**കൊച്ചി:** ദുബായ് വിനോദസഞ്ചാര വകുപ്പിന്റെ ടൂറിസം ബ്രാൻഡായ വിസിറ്റ് ദുബായ് ഏറ്റവും പുതിയ ക്യാമ്പയിനായ യേ ഭി ദുബായ് ഹേ, ബ്രോ ആരംഭിച്ചു.

ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യൻ സ്റ്റാൻഡ് അപ്പ് ആർട്ടിസ്റ്റുകളായ അനുഭവ് സിംഗ് ബാസി, ഹർഷ് ഗുജ്റാൾ എന്നിവർ ദുബായ് അനുഭവങ്ങൾ പങ്കുവയ്ക്കും. ഹാസ്യത്തിനും എന്റർടൈൻമെന്റിനും പ്രാധാന്യം നൽകുന്ന ക്യാമ്പയിനിന്റെ ഭാഗമായി ഇരുവരും ഇംഗ്ലീഷിലും പ്രാദേശിക ഭാഷകളിലുമുള്ള സ്റ്റാൻഡ്അപ്പ് കോമഡികൾ അവതരിപ്പിക്കും. വീഡിയോകളിൽ ദുബായിലെ അംബരചുംബികളായ കെട്ടിടങ്ങൾ, ഹട്ടയുടെ ശാന്തമായ ഭൂപ്രകൃതി, ദുബായ് മറീനയിലെ ലോകത്തിലെ ഏറ്റവും നീളം കൂടിയ നഗര സിപ്‌ലൈൻ, ലോകത്തിലെ ഏറ്റവും ആഴമേറിയ പൂളായ ഡീപ് ഡൈവ് ദുബായ്, പിയർ 7ലെ ഏഷ്യ ഏഷ്യയിൽ ഗൌർമെറ്റ് സ്റ്റോപ്പ്, ദുബായ് മറീനയിലൂടെയുള്ള യാച്ച് റൈഡ് എന്നിവയും യേ ഭി ദുബായ് ഹേ ബ്രോ ക്യാംപെയ്നിലൂടെ ദുബായിയെ ഇന്ത്യൻ സഞ്ചാരികൾക്ക് കൂടുതൽ പരിചിതമാക്കാനാണ് ശ്രമിക്കുന്നതെന്ന് ദുബായ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസം (വിസിറ്റ് ദുബായ്) പ്രോക്സിമിറ്റി മാർക്കറ്റ്സ് റീജിയണൽ ഡയറക്ടർ ബദർ അലി ഹബീബ് പറഞ്ഞു.

ദുബായ് തന്റെ പ്രിയപ്പെട്ട സ്ഥലങ്ങളിൽ ഒന്നാണെന്നും ആ നഗരം എണ്ണമറ്റ ആവേശകരമായ അനുഭവങ്ങൾ നൽകുന്നതായും അനുഭവ് സിംഗ് ബാസി പറഞ്ഞു. ദുബായിയുടെ മാന്ത്രികത നിങ്ങളെ എപ്പോഴും അത്ഭുതപ്പെടുത്തുന്നതാണെന്ന് ഹർഷ് ഗുജ്റാൾ പറഞ്ഞു. ദുബായ് എപ്പോഴും മറക്കാനാവാത്ത നിമിഷങ്ങൾ നൽകുന്ന നഗരമാണെന്നും അദ്ദേഹം പറഞ്ഞു.

# ഗ്രാമങ്ങളിലേയും ചെറുകിട പട്ടണങ്ങളിലേയും വായ്പാ വളർച്ച തുടരുന്നു

**കൊച്ചി:** ഗ്രാമങ്ങളിലേയും ചെറുപട്ടണങ്ങളിലേയും വായ്പാ വളർച്ച സ്ഥിരതയോടെ നിലനിൽക്കുന്നതായി ഈ വർഷം ജൂണിൽ അവസാനിച്ച ത്രൈമാസത്തിലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. ഇതേ സമയം 18 മുതൽ 35 വരെ പ്രായത്തിലുള്ളവരിൽ നിന്നുള്ളവരുടെ വായ്പാ ആവശ്യം ഈ കാലയളവിൽ കുറയുകയാണ് ഉണ്ടായതെന്നും ട്രാൻസ് യൂണിയൻ സിബിലിന്റെ സെപ്റ്റംബർ മാസത്തെ വായ്പാ വിപണിയെ കുറിച്ചുള്ള റിപ്പോർട്ട് സൂചിപ്പിക്കുന്നു. യുവാക്കളിൽ നിന്നുള്ള വായ്പാ ആവശ്യം കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഒൻപതു ശതമാനം വർധിച്ചിരുന്നത് ഇത്തവണ ആറു ശതമാനമായി കുറഞ്ഞു. ഇതേ സമയം ചെറുപട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നുമുള്ള വായ്പകളുടെ വാർഷികാടിസ്ഥാനത്തിലെ വളർച്ച ഇതേ കാലയളവിൽ ഒൻപതു ശതമാനം വർധിക്കുകയും ചെയ്തു. രാജ്യത്തെ വായ്പാ വിപണിയെ കുറിച്ചുള്ള സൂചികയായ സിഎംഐ 98 പോയിന്റ് എന്ന നിലയിലാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. സുസ്ഥിരമായതും എല്ലാവരേയും ഉൾപ്പെടുത്തിയുള്ളതുമായ വളർച്ചയുടെ സൂചനകളാണ് ഇപ്പോഴത്തെ റിപ്പോർട്ടിലേതെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഭാവേഷ് ജെയിൻ പറഞ്ഞു. ഇന്ത്യയുടെ വായ്പാ വിപണി ചെറുപട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും വിപുലമാകുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# മാരുതി സുസുക്കി വിക്റ്റോറിസിൽ ഡോൾബി അറ്റ്മോസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കാർ നിർമാതാക്കളായ മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡുമായി ചേർന്ന് ഡോൾബി അറ്റ്മോസിന്റെ കരുത്ത് മാരുതി സുസുക്കി വിക്റ്റോറിസിലേക്ക് എത്തിക്കുന്നു. ഡോൾബി അറ്റ്മോസ് ഉൾക്കൊള്ളിച്ചിട്ടുള്ള ഇന്ത്യയിലെ ആദ്യത്തെ മാരുതി സുസുക്കി കാർ എന്ന നിലയിൽ, വിക്റ്റോറിസാറി നുള്ളിലെ വിനോദത്തിന് ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കുകയും, ഓരോ യാത്രയെയും ഉത്കൃഷ്ടമാക്കുന്ന ആഴത്തിലുള്ള ഒരു ഓഡിയോ അനുഭവവും വാഗ്ദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ക്വിക്ക് ഇന്ത്യ മൂവ്മെന്റ് സെയിലുമായി ഇൻസ്റ്റാമാർട്ട്

**കൊച്ചി:** ഇൻസ്റ്റാമാർട്ട് ക്വിക്ക് ഇന്ത്യ മൂവ്മെന്റ് എന്ന പേരിൽ 10 ദിവസത്തെ വമ്പൻ ഓഫർ സെയിൽ പ്രഖ്യാപിച്ചു. സെപ്റ്റംബർ 19 മുതൽ 28 വരെ നടക്കുന്ന ഈ വിൽപ്പനയിൽ 90% വരെ വിലക്കിഴിവുകളും 10 മിനിറ്റിൽ ഡെലിവറിയും ഉപഭോക്താക്കൾക്ക് ലഭിക്കും. സ്മാർട്ട്ഫോണുകൾ, ഇലക്ട്രോണിക്സ്, അടുക്കള ഉപകരണങ്ങൾ, സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾ തുടങ്ങി 50,000ത്തിലധികം ഉൽപ്പന്നങ്ങൾ ഈ ഓഫർ സെയിലിന്റെ ഭാഗമായി ലഭ്യമാണ്. പുതിയ ഐഫോൺ 17ഉം മറ്റ് പ്രമുഖ ബ്രാൻഡുകളായ വൺപ്ലസ്, സാംസങ് എന്നിവയുടെ ഫോണുകളും ഈ സെയിലിൽ ലഭ്യമാണ്. കൂടാതെ ജി.എസ്.ടി. ഇളവുകളും മറ്റ് ആകർഷകമായ ഓഫറുകളും ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വോൾവോ ഇഎക്30 ഇലക്ട്രിക് കാർ: ബുക്കിംഗ് ആരംഭിച്ചു

**കൊച്ചി:** വോൾവോയുടെ ഏറ്റവും പുതിയ ഇലക്ട്രിക് കാറായ ഇഎക്30 ഇന്ത്യയിൽ അവതരിപ്പിച്ചു. 2025 ഒക്ടോബർ 19ന് മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് ഈ വാഹനം 39,99,000 രൂപയ്ക്ക് സ്വന്തമാക്കാം. വാഹനത്തിന്റെ എക്സ്ഷോറൂം വില 41,00,000 രൂപയാണ്. 2025 നവംബർ ആദ്യവാരം മുതൽ വിതരണം ആരംഭിക്കും. ഈ മോഡൽ, വോൾവോയുടെ



മൂന്നാമത്തെ ഇലക്ട്രിക് വാഹനമാണ്. 69 കിലോവാട്ട് ലിഥിയം അയൺ ബാറ്ററി ഉപയോഗിക്കുന്ന ഇതിന് ഒറ്റ ചാർജിൽ 480 കി.മീ വരെ റേഞ്ച് ലഭിക്കും.

272 എച്ച്പി പവറും 343 എൻഎം ടോർക്കുമുള്ള ഈ കാർ 5.3 സെക്കൻഡിനുള്ളിൽ 100 കി.മീ വേഗത കൈവരിക്കും. സുരക്ഷയുടെ കാര്യത്തിൽ, യൂറോ എൻസിഎപി ഫൈവ് സ്റ്റാർ റേറ്റിംഗ് ലഭിച്ച ഇഎക്30 നൂതനമായ 'സേഫ് സ്പേസ് ടെക്നോളജി' ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്റർസെക്ഷൻ ഓട്ടോബ്രേക്ക്, ഡോർ ഓപ്പൺ അലേർട്ട്, 5 ക്യാമറകൾ, 5 റഡാറുകൾ, 12 അൾട്രാസോണിക് സെൻസറുകൾ എന്നിവ ഇതിൽപ്പെടുന്നു. പുനരുപയോഗിച്ച വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ഇന്റീരിയറിൽ 12.3 ഇഞ്ച് ടച്ച് സ്ക്രീൻ ഡിസ്‌പ്ലേ, ഗൂഗിൾ ബിൽറ്റ്ഇൻ, വയർലെസ് ഫോൺ ചാർജിങ്, ഹാർമൻ കാർഡൺ പ്രീമിയം സൗണ്ട് സിസ്റ്റം എന്നിവയുണ്ട്. 8 വർഷത്തെ ബാറ്ററി വാറന്റിയും 3 വർഷത്തെ സമഗ്ര കാർ വാറന്റിയും ഉൾപ്പെടുന്ന 'ഹസിൽ ഫ്രീ പാക്കേജ്' വോൾവോ വാഗ്ദാനം ചെയ്യുന്നു. കൂടാതെ, റെഡ് ഡോട്ട് അവാർഡ് 2024, വേൾഡ് അർബൻ കാർ ഓഫ് ദി ഇയർ 2024 തുടങ്ങിയ അന്താരാഷ്ട്ര പുരസ്കാരങ്ങളും ഈ മോഡലിന് ലഭിച്ചിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐഡിബിഐ ബാങ്ക് റീട്ടെയിൽ ലോൺ ഉത്സവ് ആരംഭിച്ചു

**കൊച്ചി**: വരാനിരിക്കുന്ന ഉത്സവ സീസൺ ആഘോഷിക്കുന്നതിനായി, ഐഡിബിഐ ബാങ്ക് ഒക്ടോബർ 4 വരെ ഒരു പ്രത്യേക റീട്ടെയിൽ ലോൺ ഉത്സവ്' ആരംഭിക്കുന്നു. ബാങ്ക് ഐസ ദോസ്ത് ജൈസ' എന്ന ബാങ്കിന്റെ ബ്രാൻഡ് തത്വചിന്ത വിപുലീകരിക്കുന്ന ഈ സംരംഭം, ഭവന വായ്പ, വാഹന വായ്പ, വിദ്യാഭ്യാസ വായ്പ, സ്വത്ത് ഈടിന്മേലുള്ള വായ്പ, വ്യക്തിഗത വായ്പ എന്നിവയുൾപ്പെടെ വിവിധ റീട്ടെയിൽ വായ്പകളിലുടനീളം എക്സ്ക്ലൂസീവ് ഓഫറുകളിലൂടെ ബാങ്കിന്റെ ഉപഭോക്തൃ കേന്ദ്രീകൃത സമീപനത്തെയാണ് ചൂണ്ടിക്കാണിക്കുന്നതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY



നാഷണൽ കോഓപ്പറേറ്റീവ് ബാങ്കിങ് സമ്മിറ്റ് ഫ്രോണ്ടിയേഴ്സ് ഇൻ കോഓപ്പറേറ്റീവ് ബാങ്കിങ് 2024-2025 അവാർഡ്സ് ഗോവയിൽ വെച്ച് നടത്തിയ വാർഷിക യോഗത്തിൽ ഗോവ സഹകരണ മന്ത്രി സുഭാഷ് ശിരോദ്കറിൽ നിന്നും പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക് വേണ്ടി ചെയർമാൻ ഡോ. എൻ. സായ്റാം, സി.ഇ.ഒ. ശൈലേഷ് സി നായർ, സി.ഒ.ഒ. പോസൺ വർഗ്ഗീസ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങുന്നു.

# പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ദേശീയ അവാർഡ്

**കോഴിക്കോട്:** പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാനുള്ള അനുമതിയുള്ള 500 കോടി രൂപയുടെ മൂലധന അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത ഒരു മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. മെമ്പർമാരിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും മെമ്പർമാർക്ക് വിവിധ തരത്തിലുള്ള വായ്പകൾ അനുവദിക്കുകയും ചെയ്യുക എന്നുള്ളതാണ് സൊസൈറ്റിയുടെ പ്രാഥമിക കടമ. നിലവിൽ ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തിൽപരം മെമ്പർമാരും 45 ഓളം ബ്രാഞ്ചുകളും, 300ൽ അധികം ജീവനക്കാരുമായി ആയിരം കോടി രൂപയിൽപരം വരുന്ന ബിസിനസ്സും സൊസൈറ്റി ചെയ്തുവരുന്നു. സഹകരണ രംഗത്ത് തന്നെ അപൂർവമായി കഴിഞ്ഞ 4 വർഷങ്ങളിൽ സൊസൈറ്റി ലാഭകരമായി പ്രവർത്തിക്കുകയും മെമ്പർമാർക്ക് ലാഭത്തിന്റെ ഡിവിഡന്റ് കൊടുത്തുവരുകയും ചെയ്യുന്നു. എൻ.സി.ഡി.സി. നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപറേഷൻ 2025 ജനുവരിയിൽ 100 കോടി രൂപയുടെ ഹ്രസ്വകാല വായ്പ പ്രൈഡ് ക്രെഡിറ്റ് സൊസൈറ്റിക്ക് അനുവദിക്കുകയും അത് കാർഷിക-കാർഷികേതര വായ്പകൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്തുവരുന്നു.

കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തന മികവിന്റെ ഭാഗമായി നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും സൊസൈറ്റി കരസ്ഥമാക്കിട്ടുണ്ട്. ഹൈപ്പ് ഇന്ത്യ മീഡിയയുടെ കഴിഞ്ഞ വർഷത്തെ മികച്ച സാമ്പത്തിക സ്ഥാപനത്തിനുള്ള അവാർഡ് ജയ്പൂരിൽ വെച്ച് നടന്ന ചടങ്ങിൽ പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ലഭിച്ചത്. 2023-2024 സാമ്പത്തിക വർഷം ലക്നൗവിൽ നടത്തിയ വാർഷിക യോഗത്തിൽ മികച്ച ക്രെഡിറ്റ് വളർച്ച, മികച്ച ഓഡിറ്റ് റിപ്പോർട്ട് എന്നിവക്കുള്ള 2 അവാർഡുകൾ പ്രൈഡ് സൊസൈറ്റി കരസ്ഥമാക്കി. തുടർന്ന് 2024-2025 വർഷത്തെ ഗോവയിൽ നടത്തിയ വാർഷിക യോഗത്തിൽ ഇന്ത്യയിലെമ്പാടുമുള്ള സഹകരണ സൊസൈറ്റികളിൽനിന്ന് ഏറ്റവും നല്ല സഹകരണ സൊസൈറ്റി ആയി പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തിരഞ്ഞെടുത്തു. ഗോവ സഹകരണ മന്ത്രി ശ്രീ സുഭാഷ് ശിരോദ്കറിൽ നിന്ന് സൊസൈറ്റിക്ക് വേണ്ടി ചെയർമാൻ ഡോ. എൻ. സായ്റാം, സി.ഇ.ഒ. ശൈലേഷ് സി നായർ, സി.ഒ.ഒ. പോസൺ വർഗ്ഗീസ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. ലാഭകരമായ പ്രവർത്തന മികവ്, മെമ്പർമാർക്ക് ഡിവിഡന്റ് വിതരണം, അത്ഭുതകരമായ ക്രെഡിറ്റ് വളർച്ച, ഓഡിറ്റ് മാനദണ്ഡം എന്നിവ മുൻ നിർത്തിയാണ് പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഈ അവാർഡ് ലഭ്യമായത്.

എൻ.സി.യു.ഐ. നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ, ഐ.സി.എഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലൈൻസ് എന്നിവയിൽ അംഗത്വം ഉള്ള അപൂർവം സഹകരണ സൊസൈറ്റികളിൽ ഒന്നാണ് പ്രൈഡ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 2027ൽ 3000 കോടി രൂപയുടെ ബിസിനസ്സും 3 ലക്ഷം മെമ്പർമാരും ആയി മാറുക എന്ന ലക്ഷ്യത്തോടെയാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്.

# മെഷീനറി എക്സ്പോയിൽ 50 കോടിയുടെ ഓർഡറുകൾ; 10 കോടിയുടെ വിൽപ്പന

**കൊച്ചി:** സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച ഏഴാമത് മെഷീനറി എക്സ്പോയിൽ ലഭിച്ചത് 50 കോടി രൂപയുടെ ഓർഡറുകൾ. ഇതിൽ 675 എണ്ണം സുനിശ്ചിത ഓർഡറുകളാണ്.10.58 കോടി രൂപയുടെ നേരിട്ടു വിൽപന എക്സിബിഷനിൽ നടന്നു.13,968 അന്വേഷണങ്ങളുണ്ടായി. നാലു ദിവസമായി നടന്ന എക്സ്പോയിലേതാണ് മികവുറ്റ കണക്കുകൾ.

കാക്കനാട് ഇൻഫ്രാ പാർക്ക് ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടന്ന പ്രദർശനത്തിൽ സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ നിന്നായി ഇത്തവണയെത്തിയത് 40,000 ൽ അധികം പേരാണ്. കണക്കുകൾ പറയുന്നത് എക്കാലത്തേയും മികച്ച റെക്കോർഡാണ് ഏഴാമത് എക്സ്പോയിലേതെന്ന് ജനറൽ കൺവീനർ നജീബ് പി എ പറഞ്ഞു.

233 സ്റ്റാളുകളിലായി നടന്ന എക്സിബിഷനിൽ ഗുജറാത്ത്, മഹാരാഷ്ട്ര, ഹരിയാന, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നും പ്രാതിനിധ്യമുണ്ടായി.

പ്രിൻടെക്ക് എഞ്ചിനീയേഴ്സ് തിരുവനന്തപുരം, ഡൈനോ ക്രെയിൻസ് ഉടമകളായ മാളവിക എഞ്ചിനീയറിംഗ് വർക്ക്സ് കോട്ടയം എന്നിവയ്ക്കു ലഭിച്ച കരാറുകളുടെ കൈമാറ്റവും ചടങ്ങിൽ നടന്നു. എക്സ്പോയിലെ മികച്ച സ്റ്റാളിനുള്ള പുരസ്കാരം കവോൺ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡിന് ലഭിച്ചു. ലിവേജ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് മികച്ച രണ്ടാമത്തേയും പ്രിൻടെക് എഞ്ചിനീയേഴ്സ് മൂന്നാമത്തെയും സ്ഥാനം സ്വന്തമാക്കി. കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ എക്സിബിറ്റർമാർക്കും പങ്കാളികൾക്കുമുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. ചടങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. ജില്ല കലക്ടർ ജി പ്രിയങ്ക ഐഎഎസ് മുഖ്യ പ്രഭാഷണവും കെഎസ്എസ്ഐഎ എറണാകുളം ജില്ലാ പ്രസിഡണ്ട് ടോം തോമസ് പ്രത്യേക പ്രഭാഷണവും നടത്തി. ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ നജീബ് പി എ അദ്ധ്യക്ഷനായി.

ഒ എ നിസ്സാം, വി. നരേന്ദ്ര കുമാർ, മുസ്തഫ പി.കെ, പി. എം മുസ്തഫ, രഞ്ജിത്ത് ബാബു, ബെനഡിക്ട് വില്യം ജോൺസ്, കെഐഇഡി സിഇഒ സജി എസ്, പ്രേം രാജ് പി എന്നിവർ പങ്കെടുത്തു. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഷീബ എസ് സ്വാഗതവും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ അനീഷ് മാനുവൽ നന്ദിയും രേഖപ്പെടുത്തി.




# ഇ20 ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് വാറണ്ടി സംരക്ഷണം ഉറപ്പാക്കി നിസാൻ

**കൊച്ചി:** ഇ20 ഇന്ധനം ഉപയോഗിക്കുന്ന നിസാൻ വാഹനങ്ങൾക്ക് വാറണ്ടി സംരക്ഷണം ഉറപ്പാക്കി നിസാൻ മോട്ടോർ ഇന്ത്യ. 2024 ഒക്ടോബറിന് ശേഷം വിറ്റഴിച്ച പുതിയ നിസാൻ മാഗ്നൈറ്റ് വാഹനങ്ങൾ ഇ20 ഇന്ധനം ഉപയോഗിച്ചാൽ വാറണ്ടി നഷ്ടമാകില്ലെന്ന് നിസാൻ അറിയിച്ചു. ബദൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും സുസ്ഥിരമായ ഭാവിക്കായി നൂതനമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് നിസാന്റെ പിന്തുണയുണ്ട്.

പുതിയ നിസാൻ മാഗ്നൈറ്റിന്റെ 1.0 എച്ച് ആർ 10 ടർബോ ചാർജ് പെട്രോൾ എഞ്ചിനും ബിആർ 10 പെട്രോൾ എഞ്ചിനും ഇ20 ഇന്ധന മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളതാണ്. നിസാൻ മാഗ്നൈറ്റിന്റെ പഴയതും പുതിയതുമായ വാഹനങ്ങൾ ഇ20 ഇന്ധനത്തിൽ ഓടാൻ പ്രാപ്തരാണ്. ഇതു വരെ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇ20 ഇന്ധനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടാൽ സർവീസ് സമയത്ത് പരിഹരിക്കുമെന്ന് നിസാൻ മോട്ടോർസ് വാഹന ഉടമകൾക്ക് ഉറപ്പ് നൽകി.




# സാംസങ് ഗാലക്സി വെയറബിൾസ്: ഉത്സവ ഓഫറുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** സാംസങ് ഗാലക്സി വെയറബിൾസ് ഉൽപ്പന്നങ്ങൾക്ക് ഉത്സവകാലത്തേക്ക് പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചു. ഗാലക്സി വാച്ച് 8 സീരീസ്, ഗാലക്സി ബഡ്സ് 3 എഫ്ഇ, ഗാലക്സി വാച്ച് അൾട്രാ, ഗാലക്സി റിംഗ് എന്നിവയ്ക്കാണ് വിലക്കുറവ് ലഭിക്കുന്നത്. ഗാലക്സി വാച്ച് 8 സീരീസിന് 15,000 രൂപവരെ ഓഫർ ലഭിക്കുമ്പോൾ, ഗാലക്സി ബഡ്സ്3 എഫ്ഇയ്ക്ക് 4,000 രൂപയും, ഗാലക്സി വാച്ച് അൾട്രാ 18,000 രൂപവരെയും, ഗാലക്സി റിംഗ് 15,000 രൂപവരെയും വിലക്കുറവിലും ലഭ്യമാകും. കൂടാതെ കാഷ്ബാക്ക്, അപ്ഗ്രേഡ് ബോണസ് എന്നി ഓഫറുകളും ലഭ്യമാണ്. ഉപഭോക്താക്കൾക്ക് 18 മാസം വരെ നോകോസ്റ്റ് ഇഎംഐ സൗകര്യവും ഉണ്ടായിരിക്കും.

ഗൂഗിളിന്റെ ജെമിനി എഐ അസിസ്റ്റന്റ് ഉൾക്കൊള്ളുന്ന ആദ്യ സ്മാർട്ട് വാച്ചാണ് വാച്ച്8 സീരീസ്. ആന്റി ഓക്സിഡന്റ് ഇൻഡെക്സ് കൂടുതൽ വ്യക്തമായ ആരോഗ്യ ട്രാക്കിംഗ്, ഉയർന്ന ബ്രൈറ്റ്നസ് സൂപ്പർ അമോലെഡ് ഡിസ്പ്ലേ, പുതുക്കിയ ഡിസൈൻ എന്നിവയാണ് പ്രധാന സവിശേഷതകൾ. ഗാലക്സി എഐ പിന്തുണയോടെ മികച്ച ഓഡിയോ അനുഭവം, ആക്ടീവ് നോയ്സ് ക്യാൻസലേഷൻ, മികച്ച കോൾ ക്വാളിറ്റി, പരിഷ്കരിച്ച ബാറ്ററി ലൈഫ് എന്നിവയാണ് ഹൈലൈറ്റുകൾ. ഭാഷാ വിവർത്തനത്തിനും 'ഹാൻഡ്സ്ഫ്രീ' കമാൻഡുകൾക്കുമായി ബഡ്സ്3 എഫ്ഇ ഉപയോഗിക്കാം. ആരോഗ്യ നിരീക്ഷണത്തിനായി രൂപകൽപ്പന ചെയ്ത ഗാലക്സി റിംഗ്, ടൈറ്റാനിയം ഫിനിഷ്, 10 എടിഎം റേറ്റിങ്ങിൽ 100 മീറ്റർ ആഴത്തിൽവരെ ജലത്തെ ചെറുക്കുന്നു, 7 ദിവസത്തെ ബാറ്ററി ലൈഫ് എന്നിവയോടെ എത്തുന്നു. ഹൃദയമിടിപ്പ്, ഉറക്കം, വ്യായാമം തുടങ്ങിയവ എഐ അധിഷ്ഠിതമായി ട്രാക്ക് ചെയ്ത് വ്യക്തിഗത നിർദേശങ്ങൾ നൽകും.



കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ ജിഎസ്ടി നിരക്ക് പിഴവുകളില്ലാതെ നടപ്പിലാക്കാൻ സാവാകാശം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഓൾ കേരള സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റി ഭാരവാഹികളായ അബ്ദുൾ സലാം, റാഫി മുടവൻകാട്ട്, അബ്ദുൾ അസീസ്, അരുൺ അരവിന്ദ്, പി എം അഷറഫ് എന്നിവർ എറണാകുളം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനം നടത്തിയപ്പോൾ

# പുതിയ ജിഎസ്ടി നിരക്ക്: സാവകാശം അനുവദിക്കണമെന്ന് ഓൾ കേരള സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ

**കൊച്ചി:** പുതിയ ജിഎസ്ടി നിരക്ക് പ്രകാരമാണ് സെപ്തംബർ 22 മുതൽ തങ്ങൾ സാധനങ്ങൾ വിൽക്കുന്നതെന്നും എന്നാൽ പിഴവുകൾ ഇല്ലാതെ പുതിയ നിരക്ക് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സാവകാശം അനുവദിക്കണമെന്നും ഓൾ കേരള സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് അബ്ദുൾ അസീസ്, ട്രഷറർ അരുൺ അരവിന്ദ്, വൈസ് പ്രസിഡന്റുമാരായ പി എം അഷറഫ്, റാഫി മുടവൻകാട്, ജോയിന്റ് സെക്രട്ടറി അബ്ദുൾ സലാം എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. 20,000 മുതൽ 35,000 വരെ സാധനങ്ങളാണ് സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റുകൾ കൈകാര്യം ചെയ്യുന്നത്. ഇത്രയും സാധനങ്ങളാണ് തരംതിരിച്ച് പുതിയ ജിഎസ്ടി നിരക്കു പ്രകാരമുള്ള വിലയിലേക്ക് മാറ്റേണ്ടത്.

സെപ്തംബർ 21 ാം തിയതി അർധരാത്രി 12 മണിവരെ പഴയ വിലയിലും 22 ാംതിയതി മുതൽ പുതിയ നിരക്കിലുമാണ് സാധനങ്ങൾ വിൽക്കേണ്ടത്. വളരെ വലിയ പ്രായോഗിക ബുദ്ധിമുട്ടാണ് ഇതു മൂലം നേരിടേണ്ടി വരുന്നത്. രണ്ടാഴ്ചയെങ്കിലും കട പൂട്ടിയിട്ട് ജോലി ചെയ്താൽ മാത്രമെ ഇത്രയും സാധനങ്ങൾ പിഴവുകളില്ലാതെ പുതിയ ജിഎസ്ടി പ്രകാരമുള്ള വിലയിലേക്ക് മാറ്റാൻ കഴിയു. എന്നാൽ ഇത്രയും ദിവസം കട പൂട്ടിയിടുകയെന്നത് സാധിക്കാത്ത കാര്യമായതിനാൽ നിലവിൽ രാപ്പകൽ ജോലി ചെയ്ത് 90 ശതമാനത്തിലധികം സാധനങ്ങളുടെയും വില പുതിയ ജിഎസ്ടി നിരക്ക് പ്രകാരം പൊതുതത്വം ഉപയോഗിച്ച് പുനർനിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്തതിനാൽ സാധനങ്ങളുടെ ജിഎസ്ടി കൃത്യമായി തരംതിരിക്കാനുള്ള സാവാകാശം ലഭിക്കാത്തതിനാൽ പിഴവുകൾ സംഭവിക്കാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ലെന്നും ഇത് തിരുത്തി പുതിയ ജിഎസ്ടിയുടെ ആനുകൂല്യം കൃത്യമായി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ ഒരു മാസത്തെ സാവകാശം സർക്കാർ അനുവദിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. സെപ്തംബർ 22 നു ശേഷം കമ്പനികളിൽ നിന്നും വരുന്ന ഉൽപ്പന്നങ്ങളുടെ വില പുതിയ ജിഎസ്ടി പ്രകാരമായിരിക്കുമെന്നായിരുന്നു കരുതിയിരുന്നതെങ്കിലും പഴയ ജിഎസ്ടി പ്രകാരമുള്ള വിലയിലാണ് സാധനങ്ങൾ അവർ തന്നുകൊണ്ടിരിക്കുന്നതെന്നും ഇതും പ്രായോഗിക ബുദ്ധമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നും ഇവർ വ്യക്തമാക്കി. ഷോപ്പുടമകൾ സാധനങ്ങളുടെ വില പുതിയ ജിഎസ്ടിയിലേക്ക് മാറ്റി വിൽക്കുന്നതിന് പകരം ഒരോ ഉൽപ്പന്നങ്ങളുടെയും വില പുതിയ ജിഎസ്ടി പ്രകാരം അതാത് കമ്പനികൾ നിശ്ചയിച്ച് വിതരണം ചെയ്യുകയാണെങ്കിൽ വ്യാപാരികൾക്ക് വലിയ ആശ്വാസമായിരിക്കും. ചില കമ്പനികൾ യൂണിറ്റ് പ്രൈസ് കൂട്ടി പഴയ എംആർപിയിൽ തന്നെ ഇപ്പോഴും സാധനങ്ങൾ തരുന്നുണ്ട്. ഇതുമൂലം പുതിയ ജിഎസ്ടി നിരക്കിന്റെ ആനുകൂല്യം ജനങ്ങൾക്ക് കിട്ടാത്ത സാഹചര്യമുണ്ട്. ആശയകുഴപ്പം പരിഹരിക്കുന്നതിന്റെ ഭാഗമായി ഷോപ്പുകളിൽ സാധനങ്ങളുടെ പുതിയ എംആർപി ലിസ്റ്റ് അസോസിയേഷൻ പ്രസിദ്ധീകരിക്കുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

# വായ്പ കൃത്യമായി തിരിച്ചടച്ചാൽ കേരള ബാങ്ക് ഇൻസെന്റീവ് നൽകും

**തിരുവനന്തപുരം:** കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന സഹകരണ സംഘങ്ങൾക്ക് പലിശത്തുകയുടെ അഞ്ച് ശതമാനം ഇൻസെന്റീവ് നൽകാൻ കേരള ബാങ്ക് തീരുമാനം. സംഘങ്ങൾക്ക് അനുവദിക്കുന്ന ജനറൽ ബാങ്കിങ് ക്യാഷ് ക്രെഡിറ്റ് വായ്പകളുടെ പലിശ 10.25 ശതമാനത്തിൽ നിന്ന് 9.75 ശതമാനമായി കുറച്ചിട്ടുമുണ്ട്. ഗോൾഡ് ലോൺ ക്യാഷ് ക്രെഡിറ്റ് വായ്പ പലിശ ഒമ്പത് ശതമാനത്തിൽ നിന്ന് 8.90 ശതമാനമായും കുറച്ചു.




സംഘങ്ങളുടെയും വ്യക്തികളുടെയും 15 ലക്ഷം രൂപക്കു മുകളിലുള്ള ബൽക്ക് നിക്ഷേപങ്ങൾക്ക് 0.5 ശതമാനം അധിക പലിശ നൽകിവരുന്നു. 2020 നവംബറിൽ ചുമതലയേറ്റ കേരള ബാങ്കിന്റെ തെരഞ്ഞെടുത്ത ആദ്യ ഭരണസമിതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. അഞ്ച് വർഷം കൊണ്ട് ബാങ്കിന്റെ ബിസിനസിൽ 19,912 കോടി രൂപയാണ് വർധിച്ചത്. 2019-20ൽ 1,01,194 കോടി രൂപയായിരുന്ന ബിസിനസ് 2024-25 ൽ 1,21,106 കോടിയായി ഉയർന്നു.

ബാങ്കിന്റെ വായ്പാ ബാക്കിനിൽപ്പ് 51,000 കോടി രൂപയ്ക്ക് മുകളിലാണ്. ഇതിൽ 27 ശതമാനം തുക അഞ്ചര ലക്ഷത്തിലധികം വരുന്ന കർഷകർക്കാണ് വിതരണം ചെയ്യുന്നത്. 12 ശതമാനം തുക സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയ്ക്കും 25 ശതമാനം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുമാണ് അനുവദിച്ചിട്ടുള്ളതെന്നും കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ അറിയിച്ചു.



# എച്ച് എൽ എല്ലിന്റെ അമൃത് ഫാർമസിക്ക് ദേശീയ പുരസ്കാരം

**ന്യൂഡൽഹി/ കൊച്ചി:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച് എൽ എൽ ലൈഫ് കെയറിനു കീഴിൽ ആരംഭിച്ച അമൃത് ഫാർമസിക്ക്, രാജ്യത്തെ ഏറ്റവും വലിയ സ്വതന്ത്ര സിവിലിയൻ ബഹുമതികളിലൊന്നായ സ്കോച്ച് അവാർഡ് ലഭിച്ചു. ഹെൽത്ത്കെയർ വിഭാഗത്തിൽ വെള്ളി മെഡലാണ് ലഭിച്ചത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ എച്ച്എൽ എൽ ഫാർമ വൈസ് പ്രസിഡന്റും ഗ്രൂപ്പ് ഹെഡുമായ ബെന്നി ജോസഫ്, റീറ്റെയ്ൽ ബിസിനസ് ഡിവിഷൻ അസോസിയേറ്റ് വൈസ് പ്രസിഡന്റ് രാജേഷ് രാമചന്ദ്രൻ ,പ്രോഡക്റ്റ് മാർക്കറ്റിങ് ഡിവിഷൻ മാനേജർ അന്നപൂർണ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

ഭരണനിർവഹണം, നൂതന ആശയങ്ങൾ, പൊതുജന സേവനം എന്നീ മേഖലകളിൽ അമൃത് ഫാർമസി നടത്തിയ ക്രിയാത്മക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് പുരസ്കാരം ലഭിച്ചത്. 2015ൽ കേന്ദ്ര ആരോഗ്യമന്ത്രിയായിരുന്ന ജെ പി നദ്ദ ഉദ്ഘാടനം ചെയ്ത അമൃത് ഫാർമസികളിലൂടെ മരുന്നുകളും ഇംപ്ലാന്റുകളും 50 ശതമാനത്തിലേറെ വിലക്കുറവിലാണ് വിതരണം ചെയ്യുന്നത്. കാൻസർ, ഹൃദ്രോഗം എന്നിവയ്ക്കുള്ള പ്രത്യേക മരുന്നുകൾ, സ്റ്റെന്റുകൾ, ഓർത്തോപീഡിക് ഉപകരണങ്ങൾ, മെഡിക്കൽ സാമഗ്രികൾ എന്നിവയും ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതിനോടകം, 66 ദശലക്ഷത്തോളം രോഗികളാണ് അമൃത് ഫാർമസിയുടെ സേവനം പ്രയോജനപ്പെടുത്തിയത്. രാജ്യത്തുടനീളമുള്ള 240 സ്റ്റോറുകളിലൂടെ രോഗികൾക്ക് ഏകദേശം 8000 കോടി രൂപയുടെ സാമ്പത്തിക ലാഭം നേടാനായതായും എച്ച് എൽ എൽ അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!

www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS


SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663